**S 1801**

# SSLC EXAMINATION, MARCH - 2023

## MALAYALAM

First Language - Paper I

exam WINNER

Time : 1½ Hours    Total Score : **40**

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

Score

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** **4x1=4**

**(ഓരോന്നിനും ഒരു സ്കോർ വീതം)**

1. ''ചക്ഷുഃ ശ്രവണ ഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതു പോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.''

(ലക്ഷ്മണ സാന്ത്വനം)

എഴുത്തച്ഛന്റെ ഈ വരികളോട് ഏറ്റവും യോജിക്കുന്ന ആശയം എടുത്തെഴുതുക.

- ലോകം നശ്വരമാണെന്നറിഞ്ഞിട്ടും മനുഷ്യൻ ജീവിത സുഖാസക്തിയിൽ മുഴുകുന്നു.
- പാമ്പിന്റെ വായിലകപ്പെട്ട തവള രക്ഷാമാർഗ്ഗത്തെക്കുറിച്ചാണ് ചിന്തിക്കുന്നത്.
- വിശപ്പാണ് ഈ ലോകത്തിലെ പ്രധാന വിഷയം.
- സുഖഭോഗങ്ങളുടെ പ്രതീകമായിട്ടാണ് പാമ്പിനെ സൂചിപ്പിക്കുന്നത്.

2. ''പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ''

(പ്രിയദർശനം)

'വല്ലി' എന്ന പ്രയോഗത്തിലൂടെ സൂചിപ്പിക്കപ്പെടുന്ന നളിനിയുടെ ജീവിതാവസ്ഥ ഏതാണ് ?

- ബാല്യം
- യൗവനം
- ശൈശവം
- വാർധക്യം



Protected with free version of Watermarkly. Full version doesn't put this mark.

Score

3. ''നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം,
പാരിലെന്നെയിന്നാരറിയാതവർ ?''
കലിയുടെ ഈ വാക്കുകളിൽ തെളിയുന്നത് എന്ത് ?
- വിനയം
- അഹംഭാവം
- കോപം
- അസൂയ

exam

4. ''തോൽവികളും തകർച്ചകളും നഷ്ടങ്ങളും അവമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിൽ എന്തർത്ഥമാണുള്ളത് ?''
(ആത്മാവിന്റെ വെളിപാടുകൾ)
കടുത്ത നിരാശയോടെ ജീവിതത്തെ കുറിച്ച് ഇങ്ങനെ ചിന്തിക്കുന്നത് ആരാണ് ?
- മേരിയാ
- ഫെദൊസ്യ
- ദസ്തയേവ്സ്കി
- സ്റ്റെല്ലോവ്സ്കി

5. ''കാക്കായുടെ പുരാണപാരായണങ്ങളും മന്ത്രോച്ചാരണങ്ങളുമെല്ലാം എന്നെ സ്വാധീനിച്ചിരുന്നു.''
'മന്ത്രോച്ചാരണം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം എഴുതുക.
- മന്ത്രമാകുന്ന ഉച്ചാരണം
- മന്ത്രത്തിന്റെ ഉച്ചാരണം
- മന്ത്രമായ ഉച്ചാരണം
- മന്ത്രങ്ങളും ഉച്ചാരണങ്ങളും

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 2x2=4

6. ''മാഡം തലത്ത് മരിച്ചുപോയി മോനേ.
<u>ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി.</u>''
അടിവരയിട്ട വാക്യം മാഡം തലത്തിനെ കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം ?

7. ''അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകനു തുടരത്തുടരെ കത്തുകൾ എഴുതി അയച്ചു.''
(ഞാൻ കഥാകാരനായ കഥ)
'സരസ്വതീ വിലാസങ്ങൾ' എഴുത്തുകാരനിലും മകനിലുമുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം ? കുറിക്കുക.

8. ''എല്ലാവരുടെയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞു പോകുന്നതായി ജൂലിയാന അറിഞ്ഞു.''
(ഉരുളക്കിഴങ്ങ് തിന്നുന്നവർ)
ഈ കഥാന്ത്യം കഥയെ കൂടുതൽ വൈകാരികമാക്കുന്നുണ്ടോ ? നിരീക്ഷണങ്ങൾ കുറിക്കുക.

Protected with free version of Watermarkly. Full version doesn't put this mark.

Score

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം)** **5x4=20**

9. ശകുന്തള :''ഇതു വൈഷമ്യക്കാരനാണ്. അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെപോയല്ലോ.''

ശകുന്തള ദുഷ്ഷന്തനോട് ഇങ്ങനെ പറയുന്നതെന്തുകൊണ്ടാവാം ? കഥാ സന്ദർഭം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

10. ''ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കിലുമോർത്തിടായ്കിലും.''
''.......... കണ്ടിടുന്നിതേ
നിന്നിലി പ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ!''

(പ്രിയദർശനം)

നളിനിയുടെയും ദിവാകരന്റേയും ചിന്തകളിലെ വ്യത്യാസം വരികളിൽ തെളിയുന്നതെങ്ങനെ ? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. ''ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത് ?''
പാറാവുകാരൻ പരുക്കനായി പറഞ്ഞു.
''ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തിനോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.''

(കടൽത്തീരത്ത്)

പാറാവുകാരന്റെ ഭാവമാറ്റം നൽകുന്ന കഥാസൂചനയെന്ത് ? സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12. ''ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്ന് കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്.''

(യുദ്ധത്തിന്റെ പരിണാമം)

യുദ്ധം തുടങ്ങുമ്പോഴുള്ള കുറ്റമറ്റ ധർമ്മയുദ്ധം എന്ന കരാർ ദുര്യോധനന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ ? വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

13. ''ചവറിൽ പുതഞ്ഞു കിടക്കുന്ന കീറക്കടലാസുകൾ ഒരു വശത്തും ഞങ്ങളുടെ നിത്യസുഹൃത്തായ വിശപ്പ് മറുവശത്തും.''
''ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി.''

(അക്കർമാശി)

തീക്ഷ്ണമായ ജീവിതാനുഭവങ്ങളാണ് രചനകളെ ഭാവതീവ്രമാക്കുന്നത് – ഈ പ്രസ്താവന 'അക്കർമാശി' എന്ന ആത്മകഥാ ഭാഗത്തിന് എത്രമാത്രം യോജിക്കുന്നു ? സൂചനകൾ കൂടി പരിഗണിച്ച് സ്വാഭിപ്രായം വ്യക്തമാക്കുക.

Protected with free version of Watermarkly. Full version doesn't put this mark.

Score

14. ''പണ്ട് ദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയി സവാരിക്കിറങ്ങുവാൻ
പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നു പടപ്പാളയങ്ങളിൽ!
ആഗമതത്ത്വവേദികൾ വന്നുപോൽ
യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ.''

(അശ്വമേധം)

കാലാന്തരങ്ങളിൽ സർഗ്ഗശേഷിയെ പ്രയോജനപ്പെടുത്തിയവർ ആരെല്ലാം ? സൂചനയെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം)**

**2x6=12**

15. ''അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി, അനങ്ങാതെ, വിരൽത്തുമ്പു കൊണ്ടു പതുക്കെ അയാൾ വാതിലുന്തി.''

''ഴാങ് വാൽ ഴാങ്ങിന്റെ കണ്ണു രണ്ടും മിഴിഞ്ഞുപോയി; മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി.''

(പാവങ്ങൾ)

ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ വിലയിരുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

16. ''വൃദ്ധനാ, യസ്വസ്ഥനാ-
യൊന്നുറങ്ങുവാൻപോലും
ഡ്രഗ്ഗുകൾ തേടിപ്പോകു-
മീ ശതാബ്ദത്തിൻ ഭ്രാന്ത-
ജല്പനം കേട്ടേൻ.''

(മൈക്കലാഞ്ജലോ, മാപ്പ്)

''ഈ കൊച്ചൻ എഞ്ചിനീയറിംഗിന് പഠിക്കുകയായിരുന്നു. വലിയ പാട്ടുകാരനാ; ഒക്കെ തുലച്ചു. ഇവനൊക്കെ ആദ്യമാദ്യം ഒരു രസത്തിനു തുടങ്ങും. പിന്നെ ഗതിയില്ല - പെട്ടെന്ന് അവന്റെ ഭാവം മാറി. കരച്ചിൽ നിന്നു. പൈശാചികമായി അമർത്തിയ ഒരു മുരളലോടെ അവൻ സെല്ലിന്റെ ഇരുമ്പഴിയിൽ തലയിട്ടടിക്കാൻ തുടങ്ങി.''

(സ്നേഹപൂർവ്വം അമ്മ – സുഗതകുമാരി)

രണ്ടു സന്ദർഭങ്ങളും സമകാലിക അവസ്ഥയിൽ വിലയിരുത്തി 'ലഹരിക്കെതിരെ ഒന്നിക്കാം' എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

Protected with free version of Watermarkly. Full version doesn't put this mark.

Score

17. കവിതയുടെ പ്രമേയം, ആസ്വാദനാശംസകൾ, പ്രയോഗഭംഗി എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

**ഓണക്കിനാവ്**

ചിറ്റാട തേടുന്ന ചിങ്ങമാസം
മുറ്റത്തു പൂവിടാൻ കാത്തുനില്ക്കേ
അത്തം കഴിഞ്ഞോ[illegible]ളന്നേ
ചിത്തം പകർന്നു നീയോർത്തു നില്ക്കേ
കണ്ണിൽ വെളിച്ചമോ പൂപ്പിറപ്പോ
എണ്ണുന്ന നാളിന്റെ തുള്ളിനീരോ!
ഓണം നമുക്കെന്നുമെന്തു തന്നു ?
ഓരാണ്ടു നീളും കിനാവു തന്നു
ഓർമ്മയ്ക്കൊരൂഞ്ഞാല, യോടിവള്ളം
ഓരോദിനവും കൊതിപ്പിണക്കം.
പുത്തൻ കസവിൻ തഴമ്പു തന്നു
പത്തടിപ്പാട്ടിൻ വയമ്പുതന്നു
വാക്കിൽ വെല്ലുക്കും കറുപ്പു തന്നു
നോക്കിൽച്ചിരിക്കും കുശുമ്പു തന്നു.
ഓതുവാനേറെക്കഥകൾ തന്നു
ഓടങ്ങളിൽ ഒളിപ്പോരു തന്നു
മാലോകരെക്കാളുമാകുവാനായ്
മാനാഭിമാനം പൊലിച്ചു തന്നു
(വി. മധുസൂദനൻ നായർ)

| | |
|---|---|
| ചിറ്റാട – ഓണക്കാലത്ത് ധാരാളമായി ലഭിക്കുന്നപൂവ് | |
| വയമ്പ് – ഒരു ഔഷധസസ്യം | |
| ഓടിവള്ളം – ഒരുതരം വള്ളം | |
| ഓരാണ്ട് – ഒരു വർഷം | |
| പത്തടിപ്പാട്ട് – അവതരണ രീതിയിൽ സവിശേഷതയുള്ള നാടൻപാട്ട് | |

-oOo-

Protected with free version of Watermarkly. Full version doesn't put this mark.